THODIYOOR U.P.S

# Academic Master Plan.

2025 - 2026

Scanned with OKEN Scanner

# Academic Master Plan. 2025 -26

## Malayalam

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | " | |

| | | | | |
|---|---|---|---|---|
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | | മലയാളം ക്ലബ്ബ് | PTA |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം<br>സാഹിത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | " | മലയാളം ക്ലബ്ബ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും. | ഇ- കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | 2 വർഷം | മലയാളം, IT അധ്യാപകർ | മലയാ: ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | PTA സ്കൂൾ | PT |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 1) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എച്ച്. എം. അവതരണമികവ് | സെന്റ് മേരീസ് എച്ച്. എം. വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | ന ക്ല [illegible] |

# തൊടിയൂർ UPS, കല്ലേലിഭാഗം.

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## اللغة العربية - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| അറബിഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. | ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കുന്ന കാർഡുകൾ നൽകുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും ആവശ്യമായ പരിശീലനം നൽകി എഴുത്തും വായനയും പരിപോഷിപ്പിക്കുക. | 3 മാസം. | കാർഡുകൾ അക്ഷരമാലാ ചാർട്ടുകൾ. |
| ഭാഷാശേഷി വർധിപ്പിക്കൽ പദസമ്പത്ത് അധികരിപ്പിക്കുക. | പദങ്ങൾ ശേഖരിക്കുന്നു ആഴ്ചയിൽ പദപ്പയറ്റ് പോലുള്ള മത്സരങ്ങൾ നടത്തുന്നു. പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നവർക്ക് സമ്മാനം നൽകു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ. ചാർട്ടുകൾ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| കുട്ടികളുടെ സർഗാത്മകതയെ വർധിപ്പിക്കുക. | കുഞ്ഞിക്കവിതകൾ, കഥകൾ സംഭാഷണം വിവരണം എന്നിവ ഉൾക്കൊള്ളുന്ന കൈയെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ. |
| നല്ല വായനക്കാരാവുക. | മാസത്തിലൊരിക്കൽ വായന മത്സരം നടത്തുന്നു. പാഠപുസ്തകവിവരങ്ങളും മറ്റും ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ കാർഡുകൾ. |
| അറബിഭാഷാ ആശയങ്ങളും അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക. | [illegible] തലത്തിൽ വാക്കുകൾ അർത്ഥസഹിതം എഴുതുകയും പിന്നീട് നിഘണ്ടു നിർമ്മിക്കുകയും ചെയ്യുന്നു. | 6 മാസം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം/പിന്തുണ |
|---|---|---|---|
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും ശേഷികൾ കണ്ടെത്തുന്നതിനും | കഥ, പ്രസംഗം, ഗാനം കവിതാലാപനം എന്നിങ്ങനെ അവതരണം നടക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ/അറബി അദ്ധ്യാപിക |
| അറബിഭാഷയിൽ കുട്ടികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുക. | അറബിടൈപ്പിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു. | 6 മാസം | മൊബൈൽ കമ്പ്യൂട്ടർലാബ് സൗകര്യങ്ങൾ |
| എഴുത്തിലുള്ള കഴിവ് | കയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | |
| ദിനാചരണങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചാർട്ടുകൾ ഉണ്ടാക്കുക, ക്വിസ് മത്സരം നടത്തുക. | ജൂൺ മുതൽ മാർച്ച് വരെ | പോസ്റ്ററുകൾ/ അറബി അദ്ധ്യാപിക |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

സംസ്കൃതം

Scanned with OKEN Scanner

സംസ്കൃതം - അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാ ജ്ഞാനം * അക്ഷരം എഴുത്ത്, * പദങ്ങൾ ഉറപ്പിക്കൽ, * അക്ഷര കാർഡ്, * വാക്കുകൾ എഴുതിയ കാർഡ്, * ക്ലാസിൽ അക്ഷരമാലാ പ്രദർശനം, * അക്ഷരമാലാ കളികൾ, * കാർഡുകൾ പ്രദർശനം, * പാട്ടുകളെയും കേൾപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം, ICT | PTA ടീച്ചേഴ്സ് സഹായത്തിൽ |
| | 2. പദ്യം പഠിക്കാം * ചിത്രങ്ങളുടെ പേര് പറയൽ, * ചിത്രകഥകൾ, * ലഘു സംഭാഷണങ്ങൾ. | ജൂൺ - ജൂലായ് | ICT, സംസ്കൃത പാഠപുസ്തകം | ടീച്ചേഴ്സ് സഹായത്തിൽ |
| 3. വീട് ഒരു പഠനശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>* ICT പരിശീലനത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു. | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 3. വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | * ലഭ്യമായ പുസ്തകത്തിലൂടെ സം- സ്കൃത ലൈബ്രറി സജ്ജീകരണം.<br>* വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>* കൂടുതൽ പുസ്തകം വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | സംസ്കൃത അധ്യാപിക. |
| 4. കരികുലം ലക്ഷ്യം വെയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | * ക്ലബ് രൂപീകരണം, * പഠനോപകരണ നിർമ്മാണം, * കലണ്ടർ നിർമ്മാണം, *പത്ര സമാഹരണം, * പഠനയാത്ര | ജൂൺ- മാർച്ച് | ക്ലാസ് റൂം, ചാർട്ട്, ചിത്രം | സംസ്കൃത അധ്യാപിക. |
| 5. മത്സര പരിപാടികൾക്ക് തയ്യാറാക്കൽ. | * ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>* എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>* മാതൃകാചോദ്യപേപ്പർ തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ്റൂം | സംസ്കൃത അധ്യാപിക |
| 6. ക്ലാസ് റൂം ആകർ- ഷകമാക്കുന്നതിന് | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുക്കുന്നു.<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 7. ആംഗ്യഭാഷ ശേഷി<br><br>ഓരോ കുട്ടിയുടെ-യും ആംഗ്യഭാഷ ശേഷി വർദ്ധിപ്പി-ക്കാനും സഹായം നിർദ്ദേശം ചെയ്യാനും വേണ്ടി. | * നാടകം, കഥകൾ തുടങ്ങിയവയുടെ ദൃശ്യങ്ങൾ കാണാനായിന് അവസരം നൽകുന്നു.<br>* മറ്റുള്ളവരോട് പറയാനും കഴിവുള്ള കുട്ടി-കളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>* ദിവസത്തിൽ ഒരു തവണ ആംഗ്യഭാഷ സഭ ചേരൽ. ഇതിൽ അവതരിപ്പിച്ച കുട്ടി കൂടുതൽ സമയത്ത് ആംഗ്യഭാഷ ആവർത്തനം. | 5 മാസം | [illegible] ക്ലാസ്സും | റിസോഴ്സ് അദ്ധ്യാപിക |
| 8. വൈകല്യപരിഹാര-ത്തെ ആസ്പദമാക്കുന്ന-പ്രവർത്തനങ്ങളുടെ പ്ര-വർത്തനങ്ങൾ | * വൈകല്യം പരിഹാരത്തെ ആസ്പദമാക്കു-ന്നതിന് ഉപകരണ സഹായ പഠനോ-പകരണങ്ങൾ നിർമ്മിക്കുന്നു.<br>* വൈകല്യം ക്ലാസുകൾ നൽകുന്നു.<br>* ഗൃഹ സന്ദർശനം നടത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സും | റിസോഴ്സ് അദ്ധ്യാപിക |

Scanned with OKEN Scanner

# Academic Master Plan 2025-26

## English

Scanned with OKEN Scanner

# Academic Master Plan.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | ഫണ്ട് |
|---|---|---|---|---|
| (1) ശരിയായി ഇംഗ്ലീഷ് കേൾക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Follow me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ റോളും മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം കൊടുക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Lend Your Ear - ലളിതവും രസകരമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. [illegible] | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | ഫീഡ് |
|---|---|---|---|---|
| | കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | | | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പുകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്താണെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്ത റിക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | നവംബർ | " | |
| (2) ഭാവാത്മകമായ വായന പരിശീലിപ്പിക്കുന്നു. | I Too can!! വ്യത്യസ്ത തലങ്ങളിലായി വിവിധ കാർഡുകൾ (വായന) ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. [ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്]. | ജൂലൈ | " | |
| | Learning Ladder പാഠഭാഗത്ത് നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | സെപ്തംബർ | " | |

Scanned with OKEN Scanner

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | ക്ലബ്ബ് |
|---|---|---|---|---|---|
| | | One Man Show- ആശയം നൽകി ഇംഗ്ലീഷിൽ അഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Reader Of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month - നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | | F.M Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഷോ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| (3) | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | ഉത്തരം ചാർട്ടിലേക്ക് എഴുതുന്നു- Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, പതിങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ |
| | Alert Zone സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp- ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ PTA ഭാരവാഹികൾ, രക്ഷിതാക്കൾ |
| | അതാത് ക്ലാസിനായി കഥ പറയൽ, കഥ പറഞ്ഞ് നാടകം അതിന് റോൾപ്ലേ നൽകുന്നു. എല്ലാ ക്ലാസിന് കവിതകൾ പ്രസംഗം തുടങ്ങിയവ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, PTA ഭാരവാഹികൾ രക്ഷിതാക്കൾ. |

Scanned with OKEN Scanner

# തൊടിയൂർ UPS

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി

2025 - 2026

Scanned with OKEN Scanner

മേഖല-യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 5,6,7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാം ക്ലാസ് മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ എന്നിവ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| ഹിന്ദി വായന<br>തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം നടത്തും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ, താഴെ ഹിന്ദിയിൽ വാക്യമുള്ള വീഡിയോസ് എന്നിവ കാണിക്കും. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകൻ. |
| ഹിന്ദി അസംബ്ലി | അസംബ്ലിയിലെ ഓരോ സ്റ്റെപ്പുകളും ഹിന്ദിയിൽ എങ്ങനെ ചെയ്യാമെന്ന് മനസിലാക്കി കൊടുക്കും | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകൻ |

Scanned with OKEN Scanner

മേഖല – യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| **ഹിന്ദി സംസാരം**<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നവ ഹിന്ദി ഭാഷയിൽ തന്നെ സംസാരിക്കാമെന്ന് പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും<br>വായനയ്ക്ക്.........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | ദിനാചരണങ്ങൾ നടക്കുമ്പോൾ ഹിന്ദിയിൽ അനുബന്ധമായ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. പോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകൻ |

Scanned with OKEN Scanner

# Academic Master Plan. 2025 - 26

## Science

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | <u>നിശാഗന്ധി - ജൈവ വൈവിധ്യ പാർക്ക്.</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവ വേലി, മുളകൾ കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്<br>ഹെൽത്ത് ക്ലബ് | P.T.A |
| | <u>കണ്ടറിയാനൊരു യാത്ര.</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ,, | രക്ഷിതാക്കൾ |
| | പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു-പരീക്ഷണങ്ങളിലൂടെ ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂലൈ മുതൽ | ,, | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടറുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ് സയൻസ് ക്ലബ് | |
| | **എക്സ്പ്ലോ - എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ ചരിത്രങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ” | ” | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | P.T.A |
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | " | " | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി | | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D Projector ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും അവയുടെ Isotop കളും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു. | അക്കാദമിക വർഷം | " | |

Scanned with OKEN Scanner

# Academic Master Plan.

2025 - 26

Social Science.

Scanned with OKEN Scanner

## വിഷയം - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വെർച്വൽ ഫീൽഡ് ട്രിപ്പ്. ICT സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ ചെങ്കോട്ട ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര ബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ആശയങ്ങൾ, സന്ദേശങ്ങൾ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക. സ്കിറ്റ് ഉപയോഗിച്ച് പ്രചാരണം. | സ്കിറ്റ് തയ്യാറാക്കാം. ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ച് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യൽ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സമത്വം സൃഷ്ടിക്കുക നീതിയും ന്യായവും അംഗീകരിക്കുക. സാമ്പത്തിക വികസനം സംരക്ഷിക്കുക. | Project. ഇന്ത്യയിൽ ഇതുവരെ നടത്തിയ ഭരണഘടനാ ഭേദഗതികളെ കുറിച്ച് project തയ്യാറാക്കൽ. | August. | Social Science teacher | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിയമങ്ങൾ മനസിലാക്കാൻ<br>* നിയമങ്ങളുടെ പ്രവർത്തനരീതി പരിശോധിക്കാൻ.<br><br>* ആഴത്തിൽ നിയമത്തിന് അടിസ്ഥാന ബോധം ഉണ്ടാക്കാൻ.<br><br>* കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാനായിട്ടുള്ള നിയമമാണ് പോക്സോ നിയമം. | നിയമ ബോധവൽക്കരണ ക്ലാസ്.<br><br>നിയമ വാഴ്ച്ചയുടെ പ്രാധാന്യത്തെ കുറിച്ചു വിവിധ നിയമങ്ങളെ കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു.<br><br>പോക്സോ ബോധവൽക്കരണ ക്ലാസ്<br>കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്ന വിഷയത്തിൽ നിയമ വിദഗ്ദ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ പരിപാടി. | August. | Social Science teacher | 1500/- |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രാജ്യത്തിന് പ്രാധാന്യം നൽകുക<br>* ഭരണഘടനയുടെ പ്രാധാന്യത്തെ തിരിച്ചറിയുക.<br>* ക്ലാസ് ഭരണഘടന മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തരാക്കുക. | ക്ലാസ് ഭരണഘടന.<br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | August. | Social Science teacher | |
| * ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ടാക്കുക. | ലഘുലേഖ തയ്യാറാക്കാം.<br>കുട്ടികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയാകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ലഘുലേഖ തയ്യാറാക്കൽ. | | Social Science teacher. | 1000/- |
| * സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നൻമയുടെ ലോകത്തേക്ക്.<br>വെള്ളപ്പൊക്കം, ഭൂമികുലുക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം മുതലായ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തികവിശദാംശം |
|---|---|---|---|---|
| | പ്രകൃതി ദുരന്തങ്ങൾ വഴിയും അപകടങ്ങൾ, വിവിധ ശാപങ്ങളിലെ ദുരന്തങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത ദുരന്തങ്ങൾ വഴിയും അരികുവൽക്കരിക്കപ്പെട്ടവരെ സന്ദർശിക്കാനും അവർക്കാവശ്യമായ സേവനങ്ങൾ ചെയ്യാനും അവസരം ഒരുക്കുന്നു. | | | |
| ★ ഗോത്രജനതയുടെ സാമൂഹിക ജീവിതം മനസിലാക്കുന്നു. | ഊരകം<br>ഗോത്രജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ ചതുർവികതകോടെ ജീവിതം, കല, കൃഷി, ഭക്ഷണം സാമൂഹിക ജീവിതം, വാദ്യോപകരണങ്ങൾ തുടങ്ങിയവ മനസിലാക്കുന്നു. | September | Social science teacher | 1000/- |
| ★ ഭിന്നശേഷിക്കാരോട് ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം. | Special school visit<br>ഭിന്നശേഷിക്കാരുടെ വിദ്യാലയങ്ങൾ സന്ദർശിച്ച് ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്. | September | Social science teacher | 3000/- |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക… |
|---|---|---|---|---|
| …ജീവികളുടെ ഉന്ന…ങ്ങളിലെ സവിശേഷതകൾ മനസിലാക്കുന്നതിന്. | ശില്പശാല<br>ജീവികളുടെ ഫലകങ്ങളുടെ മാതൃക നിർമിക്കൽ. | | Social Science teacher | |
| * പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | virtual field trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വിവിധയിടങ്ങൾ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | October | | 3000/- |
| * നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ തിരിച്ചറിയുക. | സർവ്വെ നടത്തൽ<br>പ്രദേശത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു. | October | Social Science teacher | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| വിഷയത്തിന്റെ വിശദീകരണം പഠനത്തിന്റെ വിവരങ്ങൾ നൽകുക. * അനുഭവങ്ങൾ പ്രയോജനപ്പെടുത്തുക. * പ്രകടനങ്ങൾ സൃഷ്ടിക്കുക. | സെമിനാർ<br>ദാരിദ്ര്യ നിർമാർജ്ജന ദാരിദ്ര്യ ലഘൂകരണ പദ്ധതികളും ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തിൽ ഒരു Seminar report തയ്യാറാക്കുന്നു. | November | Social science teacher |
| * ദാരിദ്ര്യ നിർമാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെന്ന് മനസിലാക്കുന്നതിന് | അഭിമുഖം<br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു | November | Social science teacher |

Scanned with OKEN Scanner

# Academic Master Plan. 2025 - 26

## Mathematics

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു മുത്തുകൾ, ഫ്ലാഷ് കാർഡ് ... ഉപയോഗിക്കുന്നു | ജൂൺ | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ ചിട്ടപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകരും ഗണിതക്ലബ്ബും | P.T.A ഗണിത ക്ലബ്. |
| 3) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി. ക്ലാസ് മുറികളിൽ ഗണിത പാർക്ക് നിർമ്മിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | P.T.A |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 5) ഗണിത മേഖലകളിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ട് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 5, 6 തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ | P.T.A |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | I.T സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 1 പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

Scanned with OKEN Scanner